എന്നാൽ തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ 15/3/99 മുതൽ ആറു മാസത്തേക്കും തുടർന്ന് 16/9/99-ൽ ആറുമാസത്തേക്കും കാലാവധി നീട്ടിയിട്ടുണ്ട്.

(ഡി) സെറിഫെഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പായതിനുശേഷം, തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

53 (2201) സെറിഫെഡിൽ ഡെപ്യൂട്ടേഷൻ നിയമനം

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ മറ്റു ഡിപ്പാർട്ടുമെന്റിൽനിന്നുള്ള എത്രപേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തു വരുന്നത് എന്നും, ഇവരുടെ ശമ്പള നിരക്കുകളും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരെ സ്ഥിരമായി സെറിഫെഡിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സെറിഫെഡിൽ ഇന്റേണൽ ഓഡിറ്റ് നടത്തുന്നത് ആരാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 28 പേർ.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) ഇത്തരം നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ശങ്കരൻ ആന്റ് ശേഖർ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന സ്ഥാപനമാണ്.

54 (2202) സെറിഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly